**തദ്ദേശ സ്വയം ഭരണ വകുപ്പ്**
**ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, എറണാകുളം.**
**സിവിൽ സ്റ്റേഷൻ, കാക്കനാട്, എറണാകുളം - 682 030**
**ഫോൺ: 0484 – 2422219, ഇ-മെയിൽ : jdlsgdekm@gmail.com**

നമ്പർ: LSGD/JD/EKM/4290/2024-D9 **തീയതി: 24-06-2024**

**കൺവീനർ & അസിസ്റ്റന്റ് ഡയറക്ടർ,**
**സിറ്റിസൺ അസിസ്റ്റന്റ് സ്ഥിരം അദാലത്ത്**
**തദ്ദേശ സ്വയംഭരണ വകുപ്പ് എറണാകുളം**

**ശ്രീ. ലിയോ പോൾ എം എ**
പ്രസിഡന്റ് മുളവുകാട് സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ്
നമ്പർ E-591 മുളവുകാട് പോസ്റ്റ് കൊച്ചി 682504

സർ,

**വിഷയം :-** മുളവുകാട് സർവ്വീസ് സഹകരണ ബാങ്ക് പ്രവർത്തിക്കുന്ന കെട്ടിടത്തിന് നമ്പർ ലഭിക്കുന്നത് സംബന്ധിച്ച് സിറ്റിസൺ അസിസ്റ്റന്റ് സ്ഥിരം അദാലത്ത് ജില്ലാസമിതി കൈകൊണ്ട തീരുമാനം.

**സൂചന :-** 1) താങ്കൾ ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച പരാതി.
2) തദ്ദേശ സ്വയംഭരണ (ആർ ബി )വകുപ്പിന്റെ 21.05.2024 ലെ സ. ഉ. (സാധാ) നം 875/2024/LSGD നമ്പർ ഉത്തരവ്
3) 18.06.2024 ൽ നടന്ന സിറ്റിസൺ അസിസ്റ്റന്റ് സ്ഥിരം അദാലത്ത് ജില്ലാതല യോഗത്തിന്റെ തീരുമാനം

മുളവുകാട് സർവ്വീസ് സഹകരണ ബാങ്ക് നിലവിൽ പ്രവർത്തിച്ച് വരുന്ന കെട്ടിടത്തിന് നമ്പർ ലഭിക്കുന്നില്ലെന്ന താങ്കളുടെ പരാതി സൂചന(1) പ്രകാരം ലഭിച്ചിരുന്നു. ടി അപേക്ഷ പരിശോധിച്ചതിൽ നിന്നും പഞ്ചായത്ത് അനുവദിച്ച പെർമിറ്റിൽ പരാമർശിക്കുന്ന നിബന്ധന പാലിക്കാതെ നിർമ്മാണം നടത്തിയതെന്നും, കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 220 b യുടെ ലംഘനം നടന്നിട്ടുണ്ടെന്നും സമിതി വിലയിരുത്തി.

കൂടാതെ ബാങ്ക് ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) NO 28871/2013 കേസിന്മേലുള്ള 07.02.2024 ലെ വിധിന്യായം അനുസരിച്ച്, ബാങ്ക് പ്രവർത്തിക്കുന്ന കെട്ടിടത്തിന് ചട്ടലംഘനമുണ്ടെന്ന **21.05.2024** ലെ സൂചന 2 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. മേൽ സാഹചര്യത്തിൽ അപേക്ഷയിലെ ആവശ്യം അദാലത്ത് സമിതിക്ക പരിഗണിക്കുവാൻ സാധിക്കുന്നതല്ല. ആയതിനാൽ **18.06.2024** ൽ ചേർന്ന സിറ്റിസൺ അദാലത്ത് ജില്ലാതല യോഗത്തിന്റെ തീരുമാന പ്രകാരം ചട്ടലംഘനം പരിഹരിച്ച്, പുതുക്കിയ ക്രമവൽക്കരണ അപേക്ഷ സമർപ്പിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ

കൺവീനർ & അസിസ്റ്റന്റ് ഡയറക്ടർ

Signed by
Subrahmanian K K
Date: 24-06-2024 17:05:15

SUBRAHMANIAN K K
ASSISTANT DIRECTOR